**പതിമൂന്നാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 325

13.10.2011-ൽ മറുപടിയ്ക്ക്

## സൈബർ കുറ്റവാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി.<br>ശ്രീ.ജി.സുധാകരൻ.<br>ശ്രീ.എം.ഹംസ.<br>ശ്രീ.കെ.കെ.നാരായണൻ. | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| (എ) സൈബർ കുറ്റകൃത്യങ്ങൾ അനിയന്ത്രിതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇതിനെ ഫലപ്രദമായി നേരിടുന്ന തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (എ) ഉണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും, തടയു ന്നതിനുമായി സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ഒരു DySP-യുടെ നേതൃത്വത്തിൽ ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ തിരുവനന്തപുരം പട്ടം ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നു. പോലീസ് സേനയിൽ C-DAC -ൽ നിന്നും സൈബർ ഫോറൻസികിൽ പരിശീലനം ലഭിച്ചവരെ സൈബർ പോലീസ് സ്റ്റേഷനിലും, ഹൈടെക് ക്രൈം എൻക്വയറി സെല്ലിലും, ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന സൈബർ സെല്ലുകളിലും നിയമിച്ചിട്ടുണ്ട്. ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന സൈബർ കേസുകൾക്ക് ജില്ലാ സൈബർ സെല്ലുകൾ സാങ്കേതിക സഹായം ചെയ്തു വരുന്നു. സങ്കീർണ്ണവും സാങ്കേതി കവിദ്യ കൂടുതലായി ആവശ്യമു ള്ളതുമായ കേസുകൾ അന്വേഷി ക്കുന്നതിന് പോലീസ് ആസ്ഥാനത്ത് ഹൈടെക് ക്രൈം എൻക്വയറി സെൽ പ്രവർത്തിച്ചുവരുന്നു. |

..........2

| | | | |
|---|---|---|---|
| (ബി) | പൊതുവിൽ ഏതെല്ലാം രീതിക ളിലുള്ള സൈബർ കുറ്റങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | ഓൺലൈൻ ചീറ്റിംഗ്, ഇന്റർനെറ്റ് ഫ്രോഡ്, ക്രെഡിറ്റ് കാർഡ് ഫ്രോഡ്, ഇ-മെയിൽ ഹരാസ്മെന്റ് ഐഡന്റിറ്റി തെഫ്റ്റ്, മൊബൈൽ ഫോൺ അബ്യൂസ്, ഇന്റർനെറ്റി ലൂടെയുള്ള ജോലി തട്ടിപ്പ്, സ്ത്രീകളുടെയും, പെൺകുട്ടി കളുടെയും നഗ്നചിത്രങ്ങൾ എടുത്ത് ഇന്റർനെറ്റിൽ പരസ്യ പ്പെടുത്തുക, മുതിർന്നവരേയും, കുട്ടികളേയും സംബന്ധിച്ചുള്ള അശ്ലീലസാഹിത്യങ്ങൾ പ്രചരി പ്പിക്കുക തുടങ്ങിയവയാണ് പ്രധാനമായും റിപ്പോർട്ട് ചെയ്തി ട്ടുള്ള സൈബർ കുറ്റകൃത്യങ്ങൾ. |
| (സി) | കുറ്റവാളികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ? | (സി) | സൈബർ കുറ്റകൃത്യങ്ങളിൽ എർപ്പെടുന്നവർക്കെതിരെ IT (Amendment) Act 2008 -ലെ 66, 67 വകുപ്പുകൾ പ്രകാരവും ഇന്ത്യൻ ശിക്ഷാനിയമം 468, 471, 420 വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

[signature]

സെക്ഷൻ ഓഫീസർ.